# മുല്ലപ്പെരിയാർ

പാരിതോഷിതങ്ങൾ വാങ്ങി ഒത്താശ ചെയ്തുകൊടുത്തവർക്കു

പൊതുമാപ്പു നൽകി മഹാദുരന്തത്തിൽനിന്നും കേരളത്തെരക്ഷിക്കൂ.

(ജോളി എം പടയാട്ടിൽ)

കേരളത്തിൽ നിന്നു ഉദ്ഭവിച്ചു കേരളത്തിൻെറ ഭൂപ്രദേശത്തുകൂടി മാത്രം ഒഴുകുന്ന ഒരു നദിയിയാണു മുല്ലപ്പെരിയാർ. കേരളത്തിലെ നാൽപത്തി നാലു നദികൾക്കും ശക്തിപകർന്നു കേരളത്തിൻെറ മധ്യഭാഗത്തിലൂടെ ഒഴുകിക്കൊണ്ടിരുന്നഒരുനദി. ഈ നദിക്കു ഇന്നു കേരളത്തിനു യാതൊരവകാശവുമില്ല. ഇതെങ്ങനെ സംഭവിച്ചു ? അതിൻെറ കാരണങ്ങൾ അറിഞ്ഞിരിക്കേണ്ടതു ഓരോ മലയാളിയുടേയും അവകാശമല്ലേ?. പത്തനംതിട്ട ജില്ലയിൽ സമുദ്രനിരപ്പിൽ നിന്നു രണ്ടായിരത്തി അഞ്ഞൂറുഅടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ശിവഗിരി കൊടുമുടിയിൽനിന്നാണു മുല്ലപ്പെരിയാറിൻെറ ഉദ്ഭവം. ഇവിടെനിന്നു പതിനേഴു കിലോമീററോളം താഴേക്കൊഴുകി എണ്ണൂറുമീററർ ഉയരമുള്ള ഭൂപ്രദേശത്തു എത്തുന്നതോടെയാണു മുല്ലയാറും, പെരിയാറുംചേർന്നു മുല്ലപ്പെരിയാർ ആകുന്നതു. തമിഴുനാട്ടിൽ നിന്നും ഒരു തുള്ളിവെള്ളംപോലും മുല്ലപ്പെരിയാറിലേക്കുവരുന്നില്ല. എന്നിട്ടും ഈ നദിയുടെ സ്വഭാവിക ഒഴുക്കിനെതടഞ്ഞുകൊണ്ടു തമിഴുനാട്ടിലേക്കു വെള്ളം കൊണ്ടുപോകുവാനായി വഴിതിരിച്ചു പുറകോട്ടുഒഴുക്കിവിട്ടുകൊണ്ടിരിക്കുന്നു.

അൻപതു വർഷത്തെ ആയുസുമാത്രം പ്രതീക്ഷിക്കുന്ന ഒരു ഡാമിനു 999 വർഷത്തേക്കു കരാർ എഴുതിയതെന്തുകൊണ്ടു?ഇങ്ങനെ ഒരു കരാർ ഇത്രയും നീണ്ടവർഷത്തേക്കായി ഒപ്പിടുന്നതുലോകത്തൊരിടത്തും കേട്ടുകേൾവിപോലുമില്ലാത്തതാണു. 1200 അടി നീളവും175അടിഉയരവുമുള്ള ഈ അണക്കെട്ടുരൂപകല്പന ചെയ്തതു ബ്രിട്ടീഷ് എൻജിനിയർമാരായിരുന്നു. ചുടുകട്ടപൊടി, ശർക്കര, ചുണ്ണാമ്പു, മണൽഎന്നിവചേർത്തുണ്ടാക്കിയ സുർക്കിമിശ്രിതംകൊണ്ടുണ്ടാക്കിയഈ അണക്കെട്ടിനു അൻപതു വർഷത്തെ ആയുസുമാത്രമാണു അന്നു അവർ കണക്കാക്കിയിരുന്നതു. 1895ൽ കമ്മീഷൻ ചെയ്ത ഈ അണക്കെട്ടിൻെറ പ്രഖ്യാപിത കാലാവധി 1945ൽ തന്നെകഴിഞ്ഞിരുന്നു. ബ്രിട്ടീഷ് ഇന്ത്യയും നാട്ടുരാജ്യങ്ങളുമായുണ്ടാക്കിയ എല്ലാ കരാറുകളും ബ്രിട്ടീഷ് ഭരണത്തിൽനിന്നു ഇന്ത്യക്കു സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ടിലെ ഏഴാം വ

കുപ്പുപ്രകാരം റദാക്കപ്പെട്ടിട്ടും ഈ കരാർമാത്രം റദാക്കപ്പെടാതിരുന്നതിൽ ദുരൂ ഹതയുണ്ടു. ഇന്ത്യക്കു സ്വാതന്ത്ര്യം ലഭിച്ചപ്പോൾ രാജാവുതന്നെ ഈ കരാർ റദാക്കിയതായി പറയുന്നുണ്ടെങ്കിലും അതിനു രേഖയുണ്ടോയെ ന്നാണു തമിഴുനാടു കോടതിയിൽ ചോദിച്ചതു. രാജാവിൻെറ വിളമ്പരത്തി നു രേഖവേണ്ടെന്നും അതു രാജശാസനയാണെന്നും കോടതിയിൽ കേര ളത്തിനു പറയാമായിരുന്നിട്ടും കേരളം മൗനം പാലിക്കുകയായിരുന്നു.?

1886 ഒക്ടോബർ 29-ാംതിയതി തിരുവിതാംകൂർ മഹാരാജാവു വിശാഖം തിരുന്നാളിൻെറ കാലത്താണു ബ്രിട്ടീഷ് ഭരണാധികാരികളുമായി ഈ പാട്ടക്കരാറിൽ ഒപ്പിട്ടതു. ബ്രിട്ടീഷ് ഇന്ത്യയുടെ കാരുണ്യത്തിൽ കഴിഞ്ഞി രുന്ന വിശാഖംതിരുന്നാൾ മഹാരാജാവിനു അന്നുകരാറിൽ ഒപ്പിടാതെ നിവർത്തിയില്ലായിരുന്നു. എങ്കിലും 999 വർഷത്തേക്കാണു കരാറിൽ ഒപ്പിടേണ്ടതെന്നറിഞ്ഞപ്പോൾ വേദനയോടെ അദേഹം പറഞ്ഞതു എൻെറ രക്തം കൊണ്ടാണു കരാറിനു അനുമതി നൽകുന്നതെന്നാണു. ബ്രിട്ടീഷു കാർ ഉണ്ടാക്കിയ കരാറുകളെല്ലാംതന്നെ 99 വർഷത്തേക്കാണു ഒപ്പിട്ടിട്ടു ള്ളതു. അപ്പോൾ മുല്ലപ്പെരിയാറിനുമാത്രം 999 വർഷം എന്നു എഴുതിചേർ ത്തതു മനപൂർവമാണെന്നു പറയേണ്ടതില്ലല്ലോ?. തിരുവിതാംകൂറിനു വേണ്ടി ദിവാൻ വി രാമയ്യങ്കാറും, ബ്രിട്ടീഷ് അധികാരികൾക്കുവേണ്ടി സ്റേററ് സെക്രട്ടറി ജോൺ ചൈൽഡ് ഹാന്നിങ്ങ്ടണുമായിരുന്നു അന്നു കരാറിൽ ഒപ്പുവച്ചതു. തിരുവിതാം കുറിൻെറ എണ്ണായിരം ഏക്കർ ഭൂപ്രദേശം വെള്ളത്തിനടിയിലാക്കിക്കൊണ്ടാണു ഈ അണക്കെട്ടിനായി സ്ഥലം വിട്ടു നൽകിയതു. കൂടാതെ നൂറേക്കർ സ്ഥലം നിർമാണപ്രവർ ത്തനങ്ങൾക്കായും വിട്ടുകൊടുക്കേണ്ടിവന്നു. തമിഴ്നാട്ടിലെ അഞ്ചുജില്ല കളിലുള്ള ജനങ്ങൾക്കു കൃഷിചെയ്യുന്നതിനായി ഏക്കറിനു അഞ്ചുരൂപ പാട്ടതുകനിശ്ചയിച്ചാണുനൽകിയതു. പിന്നീടു മുല്ലപ്പെരിയാർ തങ്ങളുടേ താണെന്നവകാശപെട്ടുകൊണ്ടു തമിഴ്നാടു കരാറിൽനിന്നു വ്യതിചലിച്ചു ജലസേചനത്തിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള പധതിക്കു രൂപംകൊടുത്തു. തിരുവിതാംകുറിനുവേണ്ടി സർ സി.പി. രാമ സ്വാമിഅയ്യർ അന്നു ഇതിനെതിരെ നിയമനടപടികളുമായി മുന്നോട്ടു പോയതിനാൽ തർക്കം രണ്ടംഗട്രൈബ്യൂണലിൻെറ പരിഗണനക്കു വരികയും 1941 മെയ്മാസം 21-ാം തിയതി മുല്ലപ്പെരിയാർ അണക്കെട്ടു കേരളത്തിൻെറ മാത്രമാണെന്നു അബയർ വിധിക്കുകയും ചെയ്തു. എന്നിട്ടും പിൽക്കാ ലത്തു മുല്ലപ്പെരിയാർ അണക്കെട്ടു തങ്ങളുടേതാണെന്നവകാശപെടാൻ

തമിഴ്നാടിനെ പ്രേരിപ്പിച്ചതെന്താണു? കേരളത്തിനു ഈ പാട്ടക്കരാറി ലൂടെ പ്രതിവർഷം പതിമൂന്നുലക്ഷം രുപ ലഭിക്കുമ്പോൾ, വൈദ്യുതി, കൃഷി, കുടിവെള്ളം തുടങ്ങിയവയിലൂടെ തമിഴ്നാടു സമ്പാദിക്കുന്നതു 800 കോടിയിലധികംരൂപയാണെന്നോർക്കണം. മുല്ലപ്പെരിയാറിലെ വെ ള്ളം ഉപയോഗിച്ചു 2.30ലക്ഷം ഏക്കർ സ്ഥലത്താണു തമിഴുനാടു കൃഷി ചെയ്യുന്നതു. മുല്ലപ്പെരിയാർ അണക്കെട്ടിൻെറ അപകടാവസ്ഥയെക്കു റിച്ചു നമ്മൾ വാതോരാതെ സംസാരിക്കുകയും എന്നാൽ തമിഴ്നാടു ആവശ്യ പെടുംമ്പോഴൊക്കെ കരാർ പുതുക്കികൊടുക്കുകയും ചെയ്യു കയാണു കേരളത്തിൻെറരീതി. ഇതിൻെറ കാരണം ജനങ്ങൾ അറിഞ്ഞി രിക്കേണ്ടതല്ലേ?. തമിഴുനാടു തുടരെ തുടരെ കരാർ ലംഘനങ്ങൾ നടത്തി യിട്ടും തർക്കങ്ങളൊന്നുമില്ലാതെ കേരളം കാരാർ പുതുക്കികൊടുത്തു കൊണ്ടുരിക്കുന്നു.

ഇന്നു ഡാമിൻെറ അററകുററപണിയുടെകാര്യത്തിലായാലും, സുരക്ഷക്ര മീകരണങ്ങളുടെ കാര്യത്തിലായാലും കേരളത്തിനു വലിയ പങ്കൊന്നു മില്ല. എല്ലാം തമിഴ്നാട്ടുകാരാണു നിശ്ചയിക്കുന്നതും ചെയ്യുന്നതും. കേര ളത്തിൽ നിന്നുള്ള ഉദ്യോഗസ്ഥരെ അവർ വേണ്ടവിധത്തിൽ പരിഗണി ക്കാറുമില്ലന്നാണു അറിയുവാൻ കഴിയുന്നതു. . മുല്ലപ്പെരിയാർ ഡാമിനു എന്തെങ്കിലും സംഭവിച്ചാൽ അതിൻെറ സകലനാശനഷ്ടങ്ങളും അനുഭ വിക്കേണ്ടിവരുന്ന കേരളത്തിനു അണക്കെട്ടിൻെറ സുരക്ഷക്രമീകരണ ങ്ങളുടെകാര്യത്തിൽ യാതൊരു പങ്കുമില്ലാതായതെങ്ങനെയാണു? ഇങ്ങ നെയൊരു ദുർവിധിയുണ്ടാകാനുള്ള കാരണങ്ങൾ ജനങ്ങളറിഞ്ഞിരിക്കേ ണ്ടതല്ലേ.?. 1964ൽ കേന്ദ്രജലക്കമ്മീഷൻ മുല്ലപ്പെരിയാർഡാമിൻെറ ബല ക്ഷയം കണ്ടെത്തുകയും, ഡാം അപകടാവസ്ഥയിലാണെന്നു റിപ്പോർട്ടു നൽകുകയും ചെയ്തതാണു. ജലവിതാനം 136 അടിയിൽ നിന്നും കുട്ടരു തെന്നും നിലവിലുള്ള ഡാമിനു താഴെ പുതിയ ഡാം നിർമിക്കുവാനും നിർദേശിച്ചിരുന്നു. അന്നു നടത്തിയ അററകുററപണികൾക്കുശേഷവും അണക്കെട്ടു സുരക്ഷിതമല്ലെന്നാണു വിദഗ്ദസമിതി റിപ്പോർട്ടു ചെയ്ത തു. 109 അടി ഉയരത്തിൽ വെള്ളമുണ്ടായിരുന്നപ്പോൾ നടത്തിയ പരിശോ ദനയിൽ പോലും അണക്കെട്ടിൻെറ സ്ഥിതി ആശങ്കാജനകമാന്നെന്നും, വൻതോതിൽ വിള്ളലുകളുണ്ടെന്നും കണ്ടെത്തിയിരുന്നു. ഭൂകമ്പ സാധ്യ തയുള്ള മേഖലയിലാണു മുല്ലപ്പെരിയാർ അണക്കെട്ടു സ്ഥിതിചെയ്യുന്ന തെന്നും, റിക്ടർ സ്കെയിലിൽ ആറു രേഖപെടുത്തുന്ന ഭൂചലനത്തെ

താങ്ങാൻ ഈ അണക്കെട്ടിനു കഴിയില്ലെന്നാണു ശാസ്ത്രജ്ഞരുടെ വിലയിരുത്തൽ. ഭൂചലനസാധ്യതയെക്കുറിച്ചു പഠനം നടത്തിയ റൂർക്കി ഐ ഐടിയിലെ വിദഗ്ദർ പറഞ്ഞതു ഈ പ്രദേശത്തു 6.5 റിക്ടർ സ്കെയിൽ ഭൂചലനമുണ്ടാകാൻ സാധ്യതയുണ്ടെന്നാണു. ഇങ്ങനെയുള്ള സാഹചര്യത്തിലാണു ഭൂചലനമുണ്ടായാലും അണക്കെട്ടു സുരക്ഷിതമായിരിക്കുമെന്നു കേരളത്തിൻെറ പ്രതിനിധി ഉന്നതാധികാരസമിതിയിൽ റിപ്പോർട്ടു നൽകിയതെന്നോർക്കണം. ഇങ്ങനെ ഒരു റിപ്പോർട്ടു നൽകുവാൻ അദേഹത്തെ പ്രേരിപ്പിച്ചതാരാണു.? സുപ്രീംകോടതി നിയോഗിച്ച വിദഗ്ദ സമിതിയിലെ അംഗമായിരുന്ന കേരളത്തിൻെറ ഈ പ്രതിനിധി റിപ്പോർട്ടു ചെയ്തതു ഇനിയൊരു നൂറുകൊല്ലംകൂടി കഴിഞ്ഞാലും ഈ ഡാമിനു ഒരു പ്രശ്നവും ഉണ്ടാകില്ലെന്നാണത്രേ. !. ഇങ്ങനെയൊരു റിപ്പോർട്ടുകൊടുക്കുവാൻ അദേഹത്തിനുമേൽ സമ്മർദം ഉണ്ടായിരുന്നോ? കേരളത്തിൻെറ താൽപര്യങ്ങൾക്കെതിരായി ഇദേഹം ഇങ്ങനെയൊരു നിലപാടെടുത്തപ്പോൾ ഇദേഹത്തെ തള്ളിപറയാതെ കേരള ഗവൺമെൻറു മൗനം അവലംബിച്ചതു ആർക്കുവേണ്ടിയാണു.? 1970 മെയ്മാസം 29-ാം തിയതി സംസ്ഥാന ഗവൺമെൻറു ഈ കരാർ തമിഴ്നാടിനു വീണ്ടും പുതുക്കി നൽകിയതു കേരളത്തിൻെറ താൽപര്യങ്ങൾസംരക്ഷിച്ചുകൊണ്ടാണോ.? സംസ്ഥാന താൽപര്യം ബലികഴിച്ചു കരാർ പുതുക്കിനൽകാനുള്ള സാഹചര്യം എന്തായിരുന്നു.? ഇതിൻെറയെല്ലാം കാരണങ്ങൾ തേടിപോയാൽ മുല്ലപ്പെരിയാർ അണക്കെട്ടിന് ശാശ്വത പരിഹാരം കണ്ടെത്തുവാൻ നമുക്കു കഴിഞ്ഞെന്നുവരില്ല. മുല്ലപ്പെരിയാർ ദുരന്തത്തിൽനിന്നും കേരളത്തെ രക്ഷിക്കാനുമാവില്ല. ഇന്നലെകളിൽ സംഭവിച്ചതെല്ലാം മറന്നു നാം ഒററ ക്കെട്ടായി വരാൻപോകുന്ന ഈ മഹാദുരന്തത്തെ ഒഴിവാക്കാനായി ശ്രമി ച്ചാൽ കേരളത്തെ രക്ഷിക്കാൻ കഴിഞ്ഞെന്നുവരും. അതിനായി നാം ചെയ്യേണ്ടതു മുല്ലപ്പെരിയാറിൻെറ പേരിൽ പാരിതോഷിതങ്ങൾ വാങ്ങി ഒത്താശ ചെയ്തുകൊടുത്തവരുടെപേരിൽ നടപടികളെടുക്കുകയില്ലെന്നു തിരുമാനിക്കുകയാണു ആദ്യംവേണ്ടതു. പൊതു മാപ്പു നൽകിയാൽ സമ്മർദങ്ങളില്ലാതെ ചെറുത്തു നിൽക്കുവാൻ അവർക്കു കഴിയും. അങ്ങനെ ചെയ്താൽ മാത്രമെ വരാൻ സാധ്യതയുള്ള മഹാദുരന്തത്തിൽനിന്നു കേരളത്തെ രക്ഷിക്കാൻ കഴിയൂ. മുല്ലപ്പെരിയാറിൽ തമിഴ്നാടിൻെറ താൽപര്യങ്ങൾ സംരക്ഷിക്കുവാനായി പാരിതോഷികങ്ങൾനൽകി കേരളത്തിലെ രാഷ്ട്രീയഉദ്യോഗസ്ഥ വൃന്ദങ്ങളെ സ്വാധീനിച്ചിട്ടുണ്ടാകും. ഇതിൽ എല്ലാ

രാഷ്ട്രീയപാർട്ടികളിലുംപെട്ടവർ ഉണ്ടാകാൻ സാധ്യതയുണ്ടു. അതുകൊണ്ടാണു തമിഴുനാടിൻെറ ഭീഷണിക്കുമുമ്പിൽ നമുക്കു, കേരളത്തിനു എപ്പോഴും മുട്ടുമടക്കേണ്ടിവരുന്നതു. മുല്ലപ്പെരിയാർ അണക്കെട്ടിൻെറ പേരിൽ കേരളത്തിൽ ജനരോഷം മൂർച്ചിക്കുമ്പോഴെല്ലാം സമ്മർദവും ഭീഷണിയുമായാണു തമിഴുനാടു രംഗത്തുവരുന്നതെന്നോർക്കണം . ഏതാനും നാളുകൾക്കുമുൻപ് കേരളത്തിലെ രാഷ്ട്രീയനേതാക്കൻമാർ ഉൾപെടെ പലരും മുല്ലപ്പെരിയാർ അണക്കെട്ടിൻെറ ബലക്ഷയത്തെപററി ഘോരംഘോരമായി പ്രസംഗിച്ചപ്പോൾ, ഇനിയും ഇങ്ങനെ തുടർന്നാൽ മുല്ലപ്പെരിയറിൻെറ പേരിൽ ഞങ്ങളുടെ കയ്യിൽനിന്നും പാരിതോഷികങ്ങൾ വാങ്ങിയവരുടെ പേരുകൾ വെളിപെടുത്തേണ്ടിവരുമെന്നാണു തമിഴ്നാട് പറഞ്ഞതു. അതോടുകൂടി പ്രക്ഷോപങ്ങൾകെട്ടടങ്ങുകയും ചെയ്തു. ഇങ്ങനെ ഭീഷണിയിലൂടേയും, സമ്മർദതന്ത്രങ്ങളിലൂടേയുമാണു തമിഴ് നാടു മുല്ലപ്പെരിയാർ അണക്കെട്ടു തങ്ങളുടേതാണെന്നവകാശപെട്ടു കൊണ്ടിരിക്കുന്നതു. മുല്ലപ്പെരിയാറിൻെറപേരിൽ പാരിതോഷികങ്ങൾ വാങ്ങിയവർക്കു പൊതുമാപ്പു നൽകുകയാണെങ്കിൽ തമിഴ്നാടിൻെറ ഭീഷണിയിൽനിന്നും സമ്മർദത്തിൽനിന്നും മുക്തിനേടി കൊടിയുടെനിറം നോക്കാതെ നമുക്കൊന്നിച്ചുനിന്നു കേരളത്തിൻെറ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ കഴിയും.

പ്രളയസമയത്തു മുല്ലപ്പെരിയാർ അണക്കെട്ടു തുറക്കുന്നതു സംബന്തിച്ചു തിരുമാനമെടുത്തതു ഏകപക്ഷീയമായി തമിഴ്നാടാണു. അണക്കെട്ടിലെ ജലനിരപ്പു 136 അടി പിന്നിട്ടപ്പോൾ വെള്ളം ഘട്ടംഘട്ടമായി തുറന്നു വിടണമെന്ന കേരളത്തിൻെറ നിർദേശം പരിഗണിക്കാതെ 142 അടിവരെ ഉയരുവാൻ കാത്തിരിക്കുകയായിരുന്നു അവർ. കേരളം വലിയ പ്രളയക്കെടുതിയിലൂടെ കടന്നു പോയപ്പോൾ മുല്ലപ്പെരിയാർ അണക്കെട്ടിൻെറ മുഴുവൻ ഷട്ടറുകളും തുറന്നുവിട്ട് കേരളത്തെ കൂടുതൽ ദുരന്തത്തിലേക്കു തള്ളിവിട്ടു. വെള്ളം പെട്ടന്നു ഉയർന്നതോടെ രാത്രി 1:30ന് തോന്നുംപടി തുറന്നുവിടുകയായിരുന്നു. അതായതു സ്പീൽവേയുടെ 13 ഷട്ടറുകളും ഏഴടി ഉയർത്തി വെള്ളം തുറന്നുവിട്ടു. ഏഴടിയിൽനിന്നും കൂടുതൽ ഉയർത്താൻ ശ്രമിച്ചപ്പോൾ കേരളപോലീസ് വിദഗ്ദമായി ഇടപെട്ടതുകൊണ്ടാണു അതു തടയാൻ കഴിഞ്ഞതും ഇതിലും വലിയ പ്രളയത്തിൽനിന്നും കേരളം രക്ഷപെട്ടതും. ഇങ്ങനെ കേരളം ജാഗ്രതയോടെ പ്രവർത്തിച്ചതുകൊണ്ടാണു ഒരു വൻ ദുരന്തം ഒഴിവായതു. മുല്ലപ്പെരിയാറിൽ നിന്നു കൂടുതൽ വെള്ളം ഇടുക്കി ഡാമിൽ എത്തിയതുകൊണ്ടാണു ചെറുതോണിയിലെ

ഷട്ടറുകളിലൂടെ കൂടുതൽ വെള്ളം പുറത്തേക്കൊഴുക്കാൻ നിർബന്ധിതമായതു.

വികസിത രാജ്യങ്ങളിൽ അണക്കെട്ടുകളിലൊന്നിലും മുഴുവൻ സംഭരണശേഷിയിൽ വെള്ളം നിറത്താറില്ല. സംഭരണശേഷിയുടെ മുക്കാൽപങ്കു വച്ചു നിയന്ത്രിച്ചു നിർത്തുകയേയുള്ളൂ. ഔട്ടോമാററിക്ക് സംവിധാനങ്ങൾ ഉപയോഗിച്ചു ജലനിരപ്പിൻെറ തോതനുസരിച്ചു ഷട്ടറുകൾ സ്വയമേവതുറക്കുകയും ചെയ്യാം. സുപ്രീംകോടതിയുടെ അനുമതിലഭിച്ചാൽ മുല്ലപ്പെരിയാർ അണക്കെട്ടിൻെറ ജലനിരപ്പു 142 അടിയിൽനിന്നു 152 അടിയിലേക്കു ഉയർത്തുമെന്നാണു തമിഴ്നാടു മുഖ്യമന്ത്രി പറയുന്നതു. നമ്മൾ പ്രളയത്തെനേരിട്ടപ്പോൾ മുല്ലപ്പെരിയാറിലെ ജലനിരപ്പു 139 അടിയിൽ നിലനിർത്തണമെന്നു സുപ്രീംകോടതി നിർദേശിച്ചിരുന്നു. നമ്മുടെ 39 മേജർ അണക്കെട്ടുകളുടെ മൊത്തം സംഭരണശേഷി ഏഴു ട്രില്ല്യൻ ലിററാണെന്നു പറയപെടുന്നു. ഇതിൻെറ ഒരു പങ്കെങ്കിലും ഒഴിഞ്ഞുകിടന്നാലല്ലേ അധികജലത്തെ ശേഖരിച്ചു നിർത്താൻ കഴിയൂ. ഒരു അണയും ശേഷിയുടെ നിശ്ചിത ശതമാനത്തിലധികം നിറക്കരുതു.

മുല്ലപ്പെരിയാർ അണക്കെട്ടു തകർന്നാൽ മുല്ലപ്പെരിയാർ ഉൾപെടെയുള്ള ഇടുക്കി, ചെറുതോണി, കളമാവു, മലങ്കര, കല്ലാർകട്ടി, ഭൂതത്താൻകെട്ടു, ലോവർപെരിയാർ, ഇടമലയാർ എന്നീ ഒൻപതു അണക്കെട്ടുകളാണു തകരാൻപോകുന്നതു. ഈ അണക്കെട്ടുകളെല്ലാം തകർന്നാൽ ആററം ബോംബിനേക്കാൾ 240 മടങ്ങു ശക്തിയിൽ വെള്ളം കുതിച്ചെത്തും. അൻപതുലക്ഷം ജനങ്ങളുടെ ജീവനും സ്വത്തും മാത്രമല്ല ഒരുപക്ഷേ കേരളമൊട്ടാകെ അറബിക്കടലിലേക്കു ഒലിച്ചുപോകുന്ന മഹാദുരന്തമായി അതുമാറിയെന്നുവരും. അങ്ങനെ സംഭവിക്കാതിരിക്കട്ടേയെന്നു നമുക്കു പ്രാർഥിക്കാം.